പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.2899

10/03/2017 ൽ
മറുപടിയ്ക്ക്

## കശുമാവ് തോട്ടങ്ങളിലെ കശുവണ്ടി സംഭരണം

ചോദ്യം
ശ്രീ.എൻ.എ.നെല്ലിക്കുന്ന്

ഉത്തരം
ശ്രീമതി.ജെ.മെഴ്സിക്കുട്ടി അമ്മ
(മത്സ്യബന്ധനവും ഹാർബർ
എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും
വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | പ്ലാന്റേഷൻ കോർപ്പറേഷന്റെ കീഴിലുള്ള കശുമാവിൻ തോട്ടങ്ങളിലെ കശുവണ്ടി കാപക്സ് ആണോ സംഭരിക്കുന്നത് ; | (എ) | പ്ലാന്റേഷൻ കോർപ്പറേഷന്റെ കീഴിലുള്ള കശുമാവിൻ തോട്ടങ്ങളിലെ തോട്ടണ്ടി കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സും കൂടിയാണ് സംഭരിക്കുന്നത്. |
| (ബി) | നടപ്പു വർഷത്തിൽ ലേല സംവിധാനത്തിലൂടെയാണോ പ്ലാന്റേഷൻ കോർപ്പറേഷന്റെ കീഴിലുള്ള കശുവണ്ടി കാപക്സ് സംഭരിക്കുന്നത് ; അല്ലെങ്കിൽ ലേലം ഒഴിവാക്കപ്പെട്ടതിന്റെ കാരണം എന്താണെന്ന് പറയാമോ ; | (ബി) | നടപ്പു വർഷത്തിൽ ലേലത്തിലൂടെയല്ല പ്ലാന്റേഷൻ കോർപ്പറേഷന്റെ കീഴിലുള്ള കശുവണ്ടി സംഭരിക്കുന്നത്. സർക്കാർ വകുപ്പുകളുടെ കീഴിലുള്ള തോട്ടങ്ങളിൽ നിന്നും കശുവണ്ടി സംഭരിക്കുന്നതിന് കാപ്പക്സിനും കാഷ്യൂ കോർപ്പറേഷനും അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് പ്ലാന്റേഷൻ കോർപ്പറേഷൻ ലേല നടപടികൾ ആരംഭിച്ചതിനാൽ നടപ്പു വർഷം ഏറ്റവും കൂടുതൽ ക്വോട്ട് ചെയ്ത വിലയ്ക്കാണ് കാഷ്യൂ കോർപ്പറേഷനും കാപ്പക്സും പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്നും സർക്കാർ അനുമതിയോടെ തോട്ടണ്ടി ശേഖരിച്ചു വരുന്നത്. |
| (സി) | നടപ്പു വർഷം എത്ര ടൺ കശുവണ്ടി സംഭരിക്കാനാണ് ലക്ഷ്യം വക്കുന്നത്; സർക്കാർ നേരിട്ട് കശുവണ്ടി സംഭരിക്കുകയാണെങ്കിൽ എത്ര ടൺ കശുവണ്ടിയാണ് ലക്ഷ്യം വെക്കുന്നത്; ഇതുവഴി എത്ര തുക അധിക വരുമാനം | (സി) | നടപ്പു സാമ്പത്തിക വർഷം ഏകദേശം 1000 മെട്രിക് ടൺ കശുവണ്ടി സംഭരിക്കാനാകുമെന്നാണ് കരുതുന്നത്. സർക്കാർ നേരിട്ട് സംഭരിക്കുമ്പോൾ എത്ര ടൺ ആണ് ലക്ഷ്യം വയ്ക്കുന്നതെന്ന് ഇപ്പോൾ പറയാൻ കഴിയില്ല. തോട്ടണ്ടി |

| | | | |
|---|---|---|---|
| | പ്രതീക്ഷിക്കുന്നു; | | സംഭരണം പൂർത്തീകരിച്ചതിനുശേഷമേ അധിക വരുമാനത്തിന്റെ കാര്യത്തിൽ വ്യക്തത വരുത്തുവാൻ സാധിക്കുകയുള്ളൂ. |
| (ഡി)<br><br><br><br><br><br>(ഇ)<br><br><br><br><br>(എഫ്) | തോട്ടങ്ങളിൽ കശുവണ്ടി പെറുക്കിയെടുക്കാൻ ഓരോ ജില്ലയിലും എത്ര പേരെ നിയമിച്ചുവെന്നും അവർക്ക് നിശ്ചയിച്ച വേതനം എത്രയെന്നും വ്യക്തമാക്കുമോ ;<br><br>കശുവണ്ടി പെറുക്കിയെടുക്കുവാൻ കാസർഗോഡ് ജില്ലയിൽ അന്യജില്ലക്കാരെ നിയമിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര പേരെയെന്ന് വ്യക്തമാക്കുമോ ;<br><br>ഇത്തരത്തിൽ പുറം ജില്ലക്കാരെ നിയമിക്കാനുള്ള കാരണം വ്യക്തമാക്കുമോ ? | (ഡി)<br><br><br><br><br><br>(ഇ)<br><br>&<br><br><br><br>(എഫ്) | പ്ലാന്റേഷൻ കോർപ്പറേഷന്റെ തോട്ടങ്ങളിൽ നിന്ന് കശുവണ്ടി പെറുക്കിയെടുക്കാൻ കരാർ വ്യവസ്ഥയിൽ കോൺട്രാക്ട് നൽകിയിട്ടുള്ളതും കരാർ പ്രകാരം നിജപ്പെടുത്തിയ തുകയ്ക്ക് തോട്ടണ്ടി സംഭരിച്ച് വരികയുമാണ്. കാഷ്യൂ കോർപ്പറേഷനും കാപെക്സും നേരിട്ട് തോട്ടണ്ടി സംഭരിക്കുന്നതിനായി തൊഴിലാളികളെ നിയമിച്ചിട്ടില്ല. കരാറുകാർ ഏർപ്പെടുത്തിയ കശുവണ്ടി പെറുക്കിയെടുക്കുന്ന തൊഴിലാളികളിൽ ഏതൊക്കെ ജില്ലാക്കാരുണ്ടെന്ന് പരിശോധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ